# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1615 — 21.03.2012-ൽ മറുപടിയ്ക്ക്

### നടുക്കര പൈനാപ്പിൾ ഫാക്ടറി

| ചോദ്യം<br>ശ്രീ.ജോസഫ് വാഴക്കൻ: | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്താൽ പൈനാപ്പിൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് മൂവാറ്റുപുഴയ്ക്കടുത്ത് നടുക്കരയിൽ സ്ഥാപിച്ചിട്ടുള്ള കമ്പനിയുടെ പ്രവർത്തനം കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ പുനരുദ്ധരിക്കുന്നതിനുവേണ്ട സത്വരനടപടി സ്വീകരിക്കുമോ; | എ) പൈനാപ്പിൾ സംസ്കരിച്ചു മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് കർഷകർക്കു പ്രയോജനം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടെ 22.44 കോടിയിലധികം രൂപ മൂലധനചെലവും, തിരിച്ചടവു വ്യവസ്ഥയിൽ 4.48 കോടി രൂപ പ്രവർത്തന ചെലവും നൽകി, ഫാക്ടറിയുടെ നടത്തിപ്പും വായ്പയുടെ തിരിച്ചടവും സംബന്ധിച്ച കരാറുകൾ പ്രകാരം, പ്രവർത്തിപ്പിക്കുന്നതിനു നടുക്കര ആഗ്രോ പ്രോസസ്സിംഗ് കമ്പനി എന്ന പേരിൽ കമ്പനി സ്ഥാപിക്കുകയും കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരം കമ്പനി നടത്തിപ്പിന് അനുമതിയും നൽകിയിരുന്നു. 32,400 മെട്രിക് ടൺ പൈനാപ്പിൾ സംസ്കരണത്തിന് ശേഷിയുള്ള അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും, കഴിഞ്ഞ വർഷങ്ങളിലൊന്നും സ്ഥാപിത ശേഷിയുടെ പത്തിലൊന്ന് ശേഷി പോലും ഉപയോഗിച്ചിട്ടില്ല. 2009, 2010 വർഷങ്ങളിൽ ഇത് യഥാക്രമം 0.58%, 0.68% എന്നിങ്ങനെയാണ്. കമ്പനിയുടെ പ്രവർത്തനം കർഷകർക്ക് പ്രയോജനകരമായ രീതിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പരിശോധിക്കുന്നതാണ്. |
| ബി) പ്രസ്തുത കമ്പനിയിൽ പൈനാപ്പിൾ കർഷകരല്ലാത്ത 604 ആളുകളെ നിയമവിരുദ്ധമായി ചേർത്ത നടപടി അന്വേഷിക്കുവാനും യഥാർത്ഥ പൈനാപ്പിൾ കർഷകർക്ക് ഓഹരി ലഭ്യമാക്കുവാനും വേണ്ട നടപടി സ്വീകരിക്കുമോ? | ബി) മുൻ വർഷങ്ങളിൽ അംഗത്വമെടുത്തവരുടെ എണ്ണത്തെ അപേക്ഷിച്ച് 2011 വർഷത്തെ 3 ബോർഡ് യോഗങ്ങളിലെ തീരുമാനപ്രകാരം അംഗത്വം ലഭിച്ച 604 പേർ യഥാർത്ഥ കർഷകർ അല്ല എന്നത് സംബന്ധിച്ച പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ